"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:210/ഡിഡി2/2020/തസ്വഭവ                    തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 15/02/2021

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ നിയമനത്തിൽ സംവരണ തത്വം പാലിക്കുന്നത് - സർക്കുലർ ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:- 1. സ.ഉ.(കൈ) നം.41/2017/ത.സ്വ.ഭ. തീയതി 20.02.2017

2.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 11.12.2019-ലെ 314/സി1/17/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ

3.28.12.2020-ലെ ഇതേ നമ്പർ ഗവ. സർക്കുലർ

4.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 31.12.2020, 27.01.2021 തീയതികളിലെ 314/സി1/17/ആർ.ഇ.ജി.എസ്. നമ്പർ കത്തുകൾ

5.ദേശീയ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിലിന്റെ 29.01.2021-ന് ചേർന്ന യോഗത്തിന്റെ 2.2 നമ്പർ തീരുമാനം

***********************

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ ജീവനക്കാരെ നിയമിക്കുമ്പോൾ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് സംവരണം ഉറപ്പാക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച സൂചന (1) ഉത്തരവ്, സൂചന (2) ഉത്തരവ് എന്നിവയിൽ സ്പഷ്ടീകരണം നൽകികൊണ്ട് സൂചന (3) സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സംവരണ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കരാർ കാലാവധി കഴിയുന്ന മുറയ്ക്ക് ടി തസ്തികകളിൽ അതാത് സംവരണ വിഭാഗത്തിൽ നിന്നുള്ളവരെ മാത്രം നിയമിക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളും ശ്രദ്ധിക്കണമെന്നും സംവരണ വിഭാഗക്കാരുടെ അഭാവത്തിൽ സംവരണ തസ്തികകളിൽ ഇതര വിഭാഗക്കാരെ നിയമിക്കേണ്ടി വന്നാൽ ടിയാരെ രണ്ട് വർഷ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം താത്കാലിക നിയമനം മാത്രം നൽകി ടി തസ്തിക സംവരണ വിഭാഗക്കാരുടെ നിയമനത്തിനായി ഒഴിച്ചിടേണ്ടതാണെന്നും ടി സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ കരാർ തസ്തികകളിൽ പട്ടിക ജാതി വിഭാഗത്തിന് സൂചന (1) ഉത്തരവ് പ്രകാരം സംവരണം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളത് 8% തസ്തികകളാണ്. സംവരണ പ്രകാരം സംസ്ഥാനത്ത് ആകെ 307 തസ്തികകളിലാണ് പട്ടിക ജാതി വിഭാഗത്തിന് നിയമനം നടത്തേണ്ടത് എന്നും എന്നാൽ നിലവിൽ 311 തസ്തികകളിൽ അവർക്ക് പ്രാതിനിധ്യം ഉണ്ടെന്നും ടി സാഹചര്യത്തിൽ സൂചന (3) പ്രകാരമുള്ള നിർദ്ദേശം പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള തസ്തികകൾക്ക് മാത്രം ബാധകമാക്കിയാൽ മതിയാകുന്നതാണെന്നും മിഷൻ ഡയറക്ടർ സൂചന (4) പ്രകാരം ശിപാർശ

ചെയ്യുകയുണ്ടായി. സൂചന (3) പ്രകാരമുള്ള നിർദ്ദേശം നടപ്പാക്കുന്നതിലൂടെ വർഷങ്ങളായി പദ്ധതിയിൽ ജോലി ചെയ്തുവരുന്ന നിരവധി ജീവനക്കാർക്ക് തൊഴിൽ നഷ്ടം ഉണ്ടാകുമെന്ന ജീവനക്കാരുടെ പരാതി 06.01.2021-നും 29.01.21-നും ചേർന്ന സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗങ്ങളിൽ ചർച്ച ചെയ്യുകയും മിഷൻ ഡയറക്ടറുടെ സൂചന (4) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ സ്പഷ്ടീകരണം പുറപ്പെടുവിക്കാൻ സർക്കാരിനോട് സൂചന (5) പ്രകാരം കൗൺസിൽ ശിപാർശ ചെയ്യുകയുമുണ്ടായി.

മേൽ പറഞ്ഞ സാഹചര്യത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കരാർ കാലാവധി കഴിയുന്ന മുറയ്ക്ക് ടി തസ്തികകളിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവരെ മാത്രം നിയമിക്കാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ് എന്നും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള കരാർ തസ്തികകളിൽ ഇതര വിഭാഗക്കാരെ നിയമിക്കേണ്ടി വന്നാൽ ടിയാരെ രണ്ട് വർഷ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം താൽക്കാലിക നിയമനം മാത്രം നൽകി ടി തസ്തിക പട്ടിക വർഗ്ഗ വിഭാഗക്കാരുടെ നിയമനത്തിനായി ഒഴിച്ചിടേണ്ടതാണ് എന്നും സ്പഷ്ടീകരണം നൽകിക്കൊണ്ട് സൂചന (3) സർക്കുലർ ഭേദഗതി ചെയ്യുന്നു.

കൂടാതെ, പട്ടിക ജാതി വിഭാഗത്തിനായി സംവരണം ചെയ്യപ്പെട്ട തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നത് പട്ടിക ജാതി വിഭാഗത്തിലെ ജീവനക്കാരൻ അല്ലാത്തപക്ഷം ടി തസ്തികയിൽ സ്വാഭാവിക ഒഴിവ് വരുന്ന മുറയ്ക്ക് (നിലവിൽ ഒഴിവുണ്ടെങ്കിലോ നിലവിൽ ഉള്ള ആളുടെ കരാർ പുതുക്കാതെ ഒഴിവാക്കപ്പെടുന്ന ഘട്ടത്തിലോ) പട്ടിക ജാതി സംവരണ വ്യവസ്ഥ പാലിച്ച് നിയമനം നടത്തേണ്ടതാണ്.

**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.16 11:16:08 IST
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ്:

- മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
- ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
- പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
- എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ/ ജില്ലാ കളക്ടർമാർക്കും
- എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
- എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
- വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
- ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
- സ്റ്റോക്ക് ഫയൽ